(ബി) ഈ സർക്കാരിന്റെകാലത്ത് വ്യവസായ വികസനത്തിന്റെ പേരിൽ നിരവധി തണ്ണീർത്തടങ്ങൾ നികത്തിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റിയൽ എസ്റ്റേറ്റ് മാഫിയകൾ ഇക്കാലയളവിൽ തണ്ണീർത്തടങ്ങൾ നികത്തി ഫ്ളാറ്റുകൾ പണിത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്ര സർക്കാർ കൊണ്ടുവന്ന തണ്ണീർത്തട നിയന്ത്രണ ചട്ടങ്ങൾ സംസ്ഥാനം അപകടഭീഷണിയുള്ള ഏതെങ്കിലും തണ്ണീർത്തടങ്ങളുടെ കാര്യത്തിൽ പ്രയോഗത്തിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) തണ്ണീർത്തടങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഉദ്ദേശിച്ച് 2008-ലെ നെൽവയൽ തണ്ണീർത്തട നിയമം നിലവിലുണ്ട്. പുറമെ, തണ്ണീർത്തടങ്ങളുടെ മെച്ചപ്പെട്ട മാനേജ്മെന്റും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് കേരളത്തിലെ നദികളും നദീതീരങ്ങളും തടാകങ്ങളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി റിവർ & വെറ്റ്ലാന്റ് അതോറിറ്റി ബോർഡ് രൂപീകരിക്കുന്നതിലേക്ക് Kerala Irrigation & Water Conservation Act 2003 (31 of 2003) ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ സർക്കാർ തയ്യാറാക്കി വരുന്നു.

(ബി&സി) ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറ്റുവകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ഇല്ല.

അണുവിമുക്ത കുടിവെള്ളം വിതരണം ചെയ്യുന്നതിന് പദ്ധതി

121 (1849) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും അണുവിമുക്ത കുടിവെള്ളം വിതരണം ചെയ്യുന്നതിനായി എന്തൊക്കെ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് നബാർഡ് എത്ര കോടി രൂപയുടെ സഹായമാണ് പ്രഖ്യാപിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ രൂപരേഖ അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ വർഷം പ്രസ്തുത പദ്ധതിയിൻകീഴിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നാണ് കണക്കാക്കുന്നത് ;

(ഇ) ഇതുവരെ പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തികഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 25 കോടി രൂപയുടെ ഒരു പദ്ധതി 2010-11 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഇതു സംബന്ധിച്ച വിശദാംശങ്ങളിൽ തീരുമാനമായിട്ടില്ല. കേരള ജലഅതോറിറ്റി മുഖേന വിതരണം ചെയ്യുന്ന കുടിവെള്ളം പൂർണ്ണമായും അണുവിമുക്തമാണെന്ന് ഉറപ്പുവരുത്താറുണ്ട്. ഇതിനായി വിപുലമായ ശുദ്ധീകരണശാലകളും പരിശോധനാ ലാബുകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ ഗുണപരിശോധനാ നിലവാരം ഉറപ്പാക്കാറുണ്ട്.

കൂടുതൽ പ്രദേശങ്ങളിൽ അണുവിമുക്ത കുടിവെള്ളം വിതരണം ചെയ്യുന്നതിനായി നബാർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും മറ്റ് ഏജൻസികളുടെയും സാമ്പത്തിക സഹായത്തോടെ കുടിവെള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

ഗ്രാമീണ ശുദ്ധജല പദ്ധതി

122 (1850) ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ഗ്രാമീണ ശുദ്ധജല പദ്ധതിയിൻകീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് കേന്ദ്ര ധനസഹായത്തോടെ ഏറ്റെടുത്തിരുന്നത് ;

(ബി) ഇതിനായി എത്ര കോടി രൂപയുടെ ധനസഹായമാണ് ഇതുവരെ ലഭ്യമായതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ കേന്ദ്രധനസഹായത്തോടെ 189.57 കോടി രൂപയുടെ 26 ത്വരിത ഗ്രാമീണ പദ്ധതികൾ 6.20 കോടി രൂപയുടെ 14 സസ്റ്റയിനബിലിറ്റി പ്രൊപ്പോസലുകൾ 0.062 കോടി രൂപയുടെ ആലപ്പുഴയിലെ സബ്ഡിവിഷനിൽ ലാബ്, കുടിവെള്ള ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കാനായി റിവൈസ്ഡ് സബ്മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 78.81 കോടി രൂപയുടെ 5 പദ്ധതികൾ എന്നിവ ഗ്രാമീണ ശുദ്ധജല പദ്ധതിയിൻ കീഴിൽ പുതുതായി ഏറ്റെടുത്തിട്ടുണ്ട്.

(ബി) ത്വരിത ഗ്രാമീണ പദ്ധതികൾക്ക് വാർഷിക വിഹിതമായി 2006-07 മുതൽ നാളിതുവരെ ലഭിച്ച തുക 538.53 കോടി രൂപയാണ് മുകളിൽ പറഞ്ഞ 5 റിവൈസ്ഡ് സബ്മിഷൻ പദ്ധതികൾക്ക് ഇതുവരെ 27.15 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

(സി) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.